സൊസൈറ്റിയുടെ ചന്തിരൂരിലെ വസ്തുവിന് ചുറ്റുമതിൽ കെട്ടുന്നതിന് നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

മതിൽ കെട്ടുന്നതിന് തടസ്സമായി നിൽക്കുന്ന ട്രാൻസ്ഫോർമർ മാറ്റുന്നതിന് നടപടി സ്വീകരിക്കുന്നതിന് അരൂർ കെ.എസ്.ഇ.ബി. അസിസ്റ്റന്റ് എഞ്ചിനീയർക്കും മരം മുറിച്ചു നീക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് അരൂർ പഞ്ചായത്ത് സെക്രട്ടറിയ്ക്കും 21.01.2012 ൽ കത്ത് നൽകിയിട്ടുണ്ട്.

നിലവിൽ അംഗീകാരം ലഭിച്ചിട്ടുള്ള സാങ്കേതിക വിദ്യ അനുസരിച്ച് CETP യ്ക്കായി ദേശീയ തലത്തിൽ റീ ടെണ്ടർ ക്ഷണിക്കുന്നതിനും പദ്ധതിയുടെ ടെണ്ടറുകൾ പരിശോധിച്ച് വിലയിരുത്തുന്നതിനും തുടർന്നുള്ള നിർവ്വഹണത്തിനുമുള്ള ചുമതല സർക്കാർ അംഗീകൃത ഏജൻസിയായ M/s. കിറ്റ്കോയെ കൺസൾട്ടൻസി വ്യവസ്ഥയിൽ ഏല്പിക്കുന്നതിന് തീരുമാനമെടുക്കുകയും അതിൻ പ്രകാരം ടി സ്ഥാപനത്തിന് 02.03.2012 ൽ Acceptance letter നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) പൊതുമലിനീകരണ നിയന്ത്രണ പ്ലാന്റ് സ്ഥാപിക്കുന്നതിന് സംസ്ഥാന സർക്കാർ തുക നീക്കി വച്ചിട്ടുണ്ടോ; സംസ്ഥാന സർക്കാർ വിഹിതമായ 6 കോടി രൂപ ലഭിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; ഈ തുക എന്നത്തേക്ക് അനുവദിക്കുമെന്ന് വ്യക്തമാക്കുമോ ?

(ഡി) പൊതുമലിനീകരണ നിയന്ത്രണ പ്ലാന്റ് സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് തുകയായ 12 കോടി രൂപയിൽ കിൻഫ്ര വഴി അനുവദിച്ച 6 കോടി രൂപ ഉപയോഗപ്പെടുത്തുന്നതിനും, സംസ്ഥാന വിഹിതമായ 6 കോടി രൂപ അനുവദിക്കുന്നതിനു മുന്നോടിയായി പദ്ധതിക്ക് ഭരണാനുമതി നല്കാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

4. MPEDA യിൽ നിന്നും പദ്ധതി യ്ക്കുള്ള ധനസഹായം ലഭ്യമാക്കുന്ന തിന് പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പി ക്കുന്നതിന് ACCEPT സൊസൈറ്റി ചെയർമാനെ ചുമതലപ്പെടുത്തി.

16.01.2012

1. കൺസൾട്ടൻസി ചാർജ്ജ് 4% ആക്കുന്നതു സംബന്ധിച്ച് M/s.KITCO യ്ക്ക് കത്ത് നൽകുവാൻ എൻവയോൺമെന്റൽ എഞ്ചിനീയ റേയും കിറ്റ്കോയുടെ മറുപടി ലഭി യ്ക്കുന്ന മുറയ്ക്ക് തീരുമാനമെടുക്കുന്ന തിന് ജില്ലാ കളക്ടറേയും യോഗം ചുമതലപ്പെടുത്തി.
2. ചുറ്റുമതിലിന്റെ ഡിസൈൻ മാറ്റാതെ തന്നെ ചിലവ് കുറച്ച് പണിയുന്നതിനായി നിർമ്മിതി കേന്ദ്രവുമായി കൂടി ആലോചിക്കു ന്നതിന് ജില്ലാ കളക്ടറെ യോഗം ചുമതലപ്പെടുത്തി.
3. പദ്ധതി പ്രദേശത്ത് ചുറ്റുമതിൽ കെട്ടുന്നതിന് തടസ്സമായി നിൽ ക്കുന്ന ട്രാൻസ്ഫോർമർ മാറ്റുന്ന തിനും മരം മുറിച്ചു നീക്കുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് എൻവയോ ൺമെന്റൽ എഞ്ചിനീയറെ ചുമതല പ്പെടുത്തി.

മേൽ തീരുമാനങ്ങൾ അനുസ രിച്ച് M/s.KINFRA യ്ക്ക് പദ്ധതി നിർ ദ്ദേശം സമർപ്പിച്ചതും ആയതിൻ പ്രകാരം 6 കോടി രൂപയുടെ ASIDE ഫണ്ട്, സ്റ്റേറ്റ് ഫണ്ടിൽ ധനകാര്യ സ്ഥാപനങ്ങളിൽ നിന്നോ ബാക്കി 6 കോടി രൂപാ ലഭ്യമാക്കുന്ന മുറയ്ക്ക് റിലീസ് ചെയ്യുന്നതാണെന്ന് KINFRA അറിയിച്ചിട്ടുള്ളതുമാണ്.

MPEDA യിൽ നിന്നും പദ്ധതി യ്ക്കുള്ള ധനസഹായം ലഭ്യമാക്കുന്ന തിന് പ്രോജക്റ്റ് റിപ്പോർട്ട് സമർപ്പി ക്കുകയും MPEDA പദ്ധതിയുടെ ഡി.പി.ആർ ആവശ്യപ്പെട്ടിരിക്കുക യുമാണ്.

നീകരണ നിയന്ത്രണ ബോർഡിനെ ചുമതലപ്പെടുത്തി.

3. പദ്ധതി നിർമ്മാണത്തിനായി പ്രോജക്ട് മാനേജർമാരായി ഒരു സിവിൽ എഞ്ചിനീയറേയും ഒരു കെമിക്കൽ എഞ്ചിനീയറേയും നിയമിക്കുവാൻ ACCEPT സൊസൈറ്റിയെ ചുമതലപ്പെടുത്തി.

07.10.2011

1. ACCEPT സൊസൈറ്റിയുടെ ചന്തിരൂരിലെ വസ്തുവിന് ചുറ്റുമതിൽ കെട്ടുന്നതിനുള്ള എസ്റ്റിമേറ്റ് അരൂർ പഞ്ചായത്ത് ലഭ്യമാക്കുന്ന മുറയ്ക്ക് തുക അനുവദിച്ച് പണി തുടങ്ങുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതിന് അരൂർ പഞ്ചായത്ത് സെക്രട്ടറിയെ യോഗം ചുമതലപ്പെടുത്തി.

2. നിലവിൽ അംഗീകാരം ലഭിച്ചിട്ടുള്ള സാങ്കേതിക വിദ്യ അനുസരിച്ച് CETP യ്ക്കായി ദേശീയ തലത്തിൽ റീ ടെണ്ടർ ക്ഷണിക്കുന്നതിനും വിജ്ഞാപനത്തിന്റെ പ്രസിദ്ധീകരണം മുതൽ 45 ദിവസമായി ടെണ്ടർ സമർപ്പിക്കുന്നതിനുള്ള കാലാവധി നിജപ്പെടുത്താനും യോഗം തീരുമാനിച്ചു. കൂടാതെ നിലവിലുള്ളവരുടെ EMD തിരിച്ച് കൊടുക്കുന്നതിനുള്ള നടപടി കൈക്കൊള്ളുവാനും തീരുമാനിച്ചു.

3.പദ്ധതിയുടെ ടെണ്ടറുകൾ പരിശോധിച്ച് വിലയിരുത്തുന്നതിനും തുടർന്നുള്ള നിർവ്വഹണത്തിനുമുള്ള ചുമതല സർക്കാർ അംഗീകൃത ഏജൻസികളായ KITCO, HLL, Hindustan Prefab മുതലായവയുമായി ചർച്ച ചെയ്ത് കമ്മീഷൻ വ്യവസ്ഥകളും പ്രവർത്തിപരിചയവും അനുസരിച്ച് അനുയോജ്യമായ ഏജൻസിയെ ഏൽപ്പിക്കുന്നതിന് ACCEPT സൊസൈറ്റി ചെയർമാനായ ജില്ലാ കളക്ടറെ ചുമതലപ്പെടുത്തി.

## പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 704 — 08.03.2012 ൽ മറുപടിയ്ക്ക്

### 'ചന്തിരൂർ, പൊതുമലിനീകരണ നിയന്ത്രണ പ്ലാന്റ്'

ചോദ്യം
ശ്രീ.എ.എം.ആരിഫ്

ഉത്തരം
ശ്രീ.അടൂർ പ്രകാശ്
(ആരോഗ്യവും കയറും വകുപ്പു മന്ത്രി)

(എ) ചന്തിരൂർ പൊതുമലിനീകരണ നിയന്ത്രണ പ്ലാന്റ് സ്ഥാപിക്കുന്നതിനു വേണ്ടി എത്ര രൂപയാണ് കിൻഫ്രാ വഴി കേന്ദ്ര ഫണ്ട് പരിസ്ഥിതി വകുപ്പിന് ലഭ്യമായിട്ടുള്ളത്;

(എ) ചന്തിരൂർ പൊതുമലിനീകരണ നിയന്ത്രണ പ്ലാന്റ് സ്ഥാപിക്കുന്നതിനു വേണ്ടി കേന്ദ്ര സർക്കാരിന്റെ ഡിപ്പാർട്ട്മെന്റ് ഓഫ് കോമേഴ്സിന്റെ ASIDE സ്കീം വഴി 6 കോടി രൂപയാണ് നോഡൽ ഏജൻസിയായ കിൻഫ്ര ഈ സാമ്പത്തിക വർഷം അനുവദിച്ചിരിക്കുന്നത്.

(ബി) പൊതുമലിനീകരണ നിയന്ത്രണ പ്ലാന്റിനുവേണ്ടി ആകെ എത്ര രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്;

(ബി) പൊതു മലിനീകരണ നിയന്ത്രണ പ്ലാന്റിനു വേണ്ടി 12.05 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

(സി) പ്ലാന്റ് നിർമ്മിക്കുന്നതിന് ആലപ്പുഴ ജില്ലാ കളക്ടർ ചെയർമാനായുള്ള ACCEPT കമ്മിറ്റി ബഹുമാനപ്പെട്ട കേന്ദ്ര ഊർജ്ജ സഹമന്ത്രി കെ.സി.വേണുഗോപാലും അരൂർ എം.എൽ.എ.യും പങ്കെടുത്ത് എത്ര യോഗങ്ങൾ ആകെ ചേർന്നിട്ടുണ്ട്; യോഗങ്ങളിൽ എന്തെല്ലാം തീരുമാനങ്ങളാണ് കൈക്കൊണ്ടത്; അത് പ്രകാരം എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ബഹുമാനപ്പെട്ട കേന്ദ്ര ഊർജ്ജ സഹമന്ത്രി ശ്രീ.കെ.സി.വേണുഗോപാൽ, ബഹുമാനപ്പെട്ട അരൂർ എം.എൽ.എ.ശ്രീ.എ.എം.ആരിഫ് എന്നിവർ 18.06.2011, 07.10.2011, 16.01.2012 എന്നീ തീയതികളിൽ നടന്ന ACCEPT സൊസൈറ്റി യോഗങ്ങളിൽ പങ്കെടുത്തിട്ടുണ്ട്.

യോഗതീരുമാനങ്ങൾ

**18.06.2011**

1.പദ്ധതിയ്ക്കായി M/s. അക്വാകെം എഞ്ചിനീയേഴ്സിന്റെ ഫിനാൻഷ്യൽ ബിഡ് പരിശോധിച്ച് റിപ്പോർട്ടു സമർപ്പിക്കുവാൻ മലിനീകരണ നിയന്ത്രണ ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

2. ASIDE ഫണ്ട് ലഭ്യമാക്കുന്നതിന് നിശ്ചിത മാതൃകയിലുള്ള പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിന് മലി